കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2019 നവംബർ 16 മുതൽ നവംബർ 20 വരെ)

കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

ബുള്ളറ്റിൻ നമ്പർ പിലിക്കോട്/കെ.കെ.ഡി.92/2019	തീയ്യതി: 15/11/2019

എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

മഴ, മി.മീ	കൂടിയ താപനില, °C	കുറഞ്ഞ താപനില, °C	ആപേക്ഷിക ആർദ്രത, %	കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ
5.2	33.0– 34.6	24.4 – 25.5	66– 92	-

ബി. വരുന്ന ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

സൂചിക	16.11.2019	17.11.2019	18.11.2019	19.11.2019	20.11.2019
മഴ, മി.മീ	1	0	0	0	1
കൂടിയ താപനില, °C	35	33	33	33	33
കുറഞ്ഞ താപനില, °C	25	25	25	25	25
കൂടിയ ആപേക്ഷിക ആർദ്രത, %	90	90	90	90	90
കുറഞ്ഞ ആപേക്ഷിക ആർദ്രത, %	60	60	60	60	60
കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ	3	8	8	8	8
കാറ്റിന്റെ ദിശ, ഡിഗ്രി	230	50	50	50	50
മേഘ വിന്യാസം, ഒക്ടാ	4	3	4	3	4

സി. കാർഷിക നിർദ്ദേശങ്ങൾ

വിള	ഘട്ടം	പ്രശ്നങ്ങൾ	കാർഷിക നിർദ്ദേശങ്ങൾ
പൊതുനിർദ്ദേശങ്ങൾ		മഴയ്ക്ക് സാധ്യതയില്ല. ഈർപ്പ നഷ്ടം കുറക്കാൻ മണ്ണിൽ പുതയിടുക. തെങ്ങിൽ കൂമ്പു ചീയൽ, ഓല ചീയൽ മുതലായ പൂപ്പൽ രോഗങ്ങൾ പടരാൻ സാധ്യത.	
തെങ്ങ്	വിവിധ ഘട്ടം	കൂമ്പു ചീയൽ 	കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക. സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക. ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം.

തെങ്ങ്	വിവിധ ഘട്ടം	ഇല ചീയൽ	1% ബോഡോ മിശ്രിതമോ 0.03% കോപ്പർ ഓക്സി ക്ലോറൈഡോ തളിക്കുക.
നെല്ല്	ഞാറ്റടി/ തൈകൾ	ഓല ചുരുട്ടിപ്പുഴു	മുള്ളുള്ള കമ്പു നെല്ലോലകൾക്കിടയിലൂടെ വലിച്ച് ചുരുളുകൾ തുറക്കുക. തണൽ വീഴുന്ന സ്ഥലങ്ങളിൽ ആക്രമണം കൂടുതലായിരിക്കും. നൈട്രജൻ വളങ്ങൾ അമിതമായി ഉപയോഗികരുത്. ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം 'കൊറാജെൻ' 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക.
പച്ചക്കറികൾ	ശീത കാല പച്ചക്കറികൾ നടുന്ന സമയം	കാബേജ്, കോളിഫ്ലവർ ആദിയായ ശീതകാല പച്ചക്കറികൾ നടാൻ അനുയോജ്യമായ സമയമാണ്. മണ്ണിൽ, സെന്റ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും. പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും.	
വാഴ	വിവിധ ഘട്ടം	തടതുരപ്പൻ വണ്ട്	കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി തടയിൽ തളിക്കുക. കീട ബാധ ഉണ്ടായാൽ ആക്രമണത്തെ തുടർന്നുണ്ടായ ദ്വാരങ്ങളിൽ ഫിപ്രോനിൽ 0.015% (ഫിപ്രോനിൽ 5 SC, 3 മില്ലി/ ലിറ്റർ) ഒഴിച്ച് കൊടുക്കുക.

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി